# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം** **13.10.2011 ന് മറുപടിക്ക്**
**നമ്പർ 3048**

## മലയാളം ഭരണഭാഷയാക്കുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ. രമേശ് ചെന്നിത്തല:
ശ്രീ. റ്റി.എൻ.പ്രതാപൻ:
ശ്രീ. സി.പി.മുഹമ്മദ്:
ശ്രീ. വി.ഡി.സതീശൻ:

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം ഭരണഭാഷയാക്കുന്നതിനുള്ള നടപടികൾ ഇതിനകം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെയായി ഘട്ടം ഘട്ടമായി ഭരണഭാഷ മലയാളമാക്കിയ സർക്കാർ വകുപ്പുകൾ 72 ഉം സ്വയംഭരണ സ്ഥാപനങ്ങൾ 31 ഉം പൊതുമേഖലാ/ സഹകരണസ്ഥാപനങ്ങളുടെ വിഭാഗത്തിൽ വരുന്നവ 44 എണ്ണവും ഉണ്ട്. കൂടാതെ എല്ലാ വകുപ്പുകളിലെയും ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്ന നടപടികൾ നടന്നു വരുന്നു. വെബ്സൈറ്റുകൾ മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് നാളിതുവരെ എത്ര വകുപ്പുകളിൽ മലയാളം ഭരണഭാഷയാക്കിയിട്ടുണ്ട്; ഇനി എത്ര വകുപ്പുകൾ ശേഷിക്കുന്നുണ്ട്; | (ബി) | സംസ്ഥാനത്ത് 86 വകുപ്പുകൾ ഉണ്ട്. നാളിതുവരെ 72 വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. ഭരണ ഭാഷ മലയാളമാക്കാത്ത 14 വകുപ്പുകൾ ശേഷിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | മലയാളം ഭരണഭാഷയാക്കാനുള്ള നടപടികളുടെ വേഗക്കുറവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (സി) | മലയാളം ഭരണഭാഷയാക്കാനുള്ള നടപടികൾ പുരോഗതിയുടെ പാതയിലാണ്. ഔദ്യോഗിക ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി താലൂക്ക്തലത്തിൽ തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്ക്തല ഔദ്യോഗിക ഭാഷാ സമിതിയും ജില്ലകളിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല ഔദ്യോഗിക ഭാഷാ സമിതിയും പ്രവർത്തിച്ചു വരുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതിയും ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ഭാഷാമാറ്റ പുരോഗതി വിലയിരുത്തുകയും ഭാഷാമാറ്റ പുരോഗതിക്ക് സഹായകമാകുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് തീരുമാനങ്ങളെടുത്ത് നടപ്പാക്കി വരുന്നു. ഭരണ ഭാഷാ പ്രയോഗത്തിന്റെ വ്യാപ്തി പരിശോധിക്കുന്നതിനായി അതാത് വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗങ്ങളെയും സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ.ആർ) വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭാഷാ മാറ്റ പുരോഗതി തുലോം കുറവാണെന്ന് ശ്രദ്ധയിൽപ്പെടുന്ന ഓഫീസുകളിൽ ഔദ്യോഗിക ഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുൾ-പ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ